**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3531** **15-02-2024 - ൽ മറുപടിയ്ക്ക്**

**പുറമ്പോക്ക് ഭൂമി വിട്ടുനല്കുന്നതിനുള്ള കാലതാമസം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി ആവശ്യപ്പെടുമ്പോൾ അവ വിട്ടുനിൽക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുവാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സേവനവകുപ്പ് എന്നതിന്റെ നിർവ്വചനത്തിൽ ഉൾപ്പെട്ടു വരാത്തതിനാൽ വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി ഉപയോഗാനുമതി നൽകി കൈമാറ്റം ചെയ്തു നൽകുവാൻ സാധിക്കുന്നതല്ല. സേവനവകുപ്പുകൾ അല്ലാത്ത സ്ഥാപനങ്ങൾക്ക് സർക്കാർ ഭൂമി പാട്ടത്തിന് നൽകുകയോ, പതിച്ചു നൽകുകയോ ആണ് ചെയ്തു വരുന്നത്. ഇത്തരത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ കാലതാമസം കൂടാതെ തന്നെ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സേവനവകുപ്പ് എന്നതിന്റെ നിർവ്വചനത്തിൽ ഉൾപ്പെട്ടു വരാത്തതിനാൽ വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി ഉപയോഗാനുമതി നൽകി കൈമാറ്റം ചെയ്തു നൽകുവാൻ സാധിക്കുന്നതല്ല. സേവനവകുപ്പുകൾ അല്ലാത്ത സ്ഥാപനങ്ങൾക്ക് സർക്കാർ ഭൂമി പാട്ടത്തിന് നൽകുകയോ, പതിച്ചു നൽകുകയോ ആണ് ചെയ്തു വരുന്നത്. ഇത്തരത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ കാലതാമസം കൂടാതെ തന്നെ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എറണാകുളം ജില്ലയിൽ അത്തരത്തിൽ ഭൂമി ആവശ്യപ്പെട്ടിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഏതെല്ലാം പദ്ധതികൾക്ക് വേണ്ടിയാണ് ഇങ്ങനെ ആവശ്യപ്പെട്ടിട്ടുള്ളത് എന്നും വ്യക്തമാക്കാമോ? | (സി) | എറണാകുളം ജില്ലയിൽ മഞ്ഞപ്ര, അശമന്നൂർ, കറുകുറ്റി, വാരപ്പെട്ടി, കുന്നത്തുനാട്, എളങ്കുന്നപ്പുഴ, ഒക്കൽ, കാലടി, മഞ്ഞള്ളൂർ, വരാപ്പുഴ, എടത്തല, ഉദയംപേരൂർ, ആരക്കുഴ, തിരുവാണിയൂർ ഉൾപ്പെടെ വിവിധ ഗ്രാമപഞ്ചായത്തുകളും തൃക്കാക്കര മരട്, കൊച്ചി, അങ്കമാലി, പിറവം, തൃപ്പൂണിത്തുറ ഉൾപ്പെടെ വിവിധ നഗരസഭകളും കൊച്ചി കോർപ്പറേഷൻ ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ |

| | | | |
|---|---|---|---|
| | | | കളിസ്ഥലം, കെട്ടിട സമുച്ചയങ്ങൾ, പകൽവീട്, ടേക്ക് എ ബ്രേക്ക് പദ്ധതി, എം.സി.എഫ്, ആർ.ആർ.എഫ് മാലിന്യ സംസ്കരണം, പൊതുഇടം, അംഗനവാടി, ഓപ്പൺ ജിം, മൾട്ടി പർപ്പസ് കോർട്ട്, ലൈഫ് തുടങ്ങിയ നിരവധി പദ്ധതികൾക്കായി സർക്കാർ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി ആവശ്യപ്പെട്ടിട്ടുള്ളതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സേവനവകുപ്പ് അല്ലാത്തതിനാൽ നിലവിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ അനുസരിച്ച് പുറമ്പോക്ക് ഭൂമി ഉപയോഗാനുമതി നൽകി കൈമാറാൻ നിർവ്വാഹമില്ലാത്തതാണ്. ടി വിവരം അറിയിച്ച് ജില്ലാ കളക്ടർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മറുപടി നൽകിയിട്ടുള്ളതാണ്. പാട്ട വ്യവസ്ഥയിൽ ഭൂമി ആവശ്യപ്പെട്ടാൽ തുടർ നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ